ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 03.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് ഇന്ന് പാർലമെന്റിൽ തുടക്കം.
**The discussion on the motion of thanks on President's address begins today in Parliament.**

2) വഖഫ് ഭേദഗതി ബില്ലിന്മേലുള്ള സംയുക്ത പാർലമെൻററി സമിതി റിപ്പോർട്ട് ഇന്ന് ലോക്സഭയിൽ.
**The report of the Joint Parliamentary Committee on the Waqf (Amendment) Bill, 2024, is to be presented in the Lok Sabha today.**

3) ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും.
**Campaigning for Delhi Assembly elections ends today**

4) കേരളത്തിൽ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്തു നിർവഹിക്കും.
**In Kerala, Chief Minister Pinarayi Vijayan will inaugurate 30 smart Anganwadis today.**

5) കോംഗോയിലെ ബുക്കാവുവിൽ താമസിക്കുന്ന ഇന്ത്യൻ പൗരന്മാർ എത്രയും വേഗം സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറണമെന്ന് ഇന്ത്യൻ എംബസി.
**Indian Embassy in Congo advises all its nationals to depart to safer locations from Bukavu.**

6) ടാറ്റ സ്റ്റീൽ മാസ്റ്റേഴ്സ് ചെസ് കിരീടം സ്വന്തമാക്കി ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ പ്രഗ്നാനന്ദ; ഇംഗ്ലണ്ടിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ

അവസാന മത്സരത്തിൽ ഇന്ത്യക്ക് 150 റൺസ് ജയം.

**In Chess, Indian Grandmaster R. Praggnanandhaa clinched the prestigious Tata Steel Masters 2025 title and In Cricket, India won the final match of the Twenty20 cricket series against England by 150 runs.**

&&&&&&&&&&&&&&

## PARL – MOTION OF THANKS

രാഷ്ട്രപതിയുടെ പാർലമെൻറിലെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് ഇന്ന് ലോക്സഭയിലും രാജ്യസഭയിലും തുടക്കമാകും. ധനകാര്യ ബിൽ 2025, വഖഫ് (ഭേദഗതി) ബിൽ 2024, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025, ബാങ്കിങ് നിയമ ഭേദഗതി ബിൽ, റെയിൽവേ (ഭേദഗതി) ബിൽ 2024 ഉൾപ്പെടെ 16 ബില്ലുകൾ, പാർലമെൻറിൽ ചർച്ചയ്ക്കെടുക്കും. ജനുവരി 31 ന് ആരംഭിച്ച പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഏപ്രിൽ 4 വരെ തുടരും.

&&&&&&&&&&&&&&

## JOINT PARLIAMENTARY COMMITTEE (INTRO)

വഖഫ് (ഭേദഗതി) ബില്ലിന്മേലുള്ള സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ട് ഇന്ന് ലോക്സഭയിൽ. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പു നിയന്ത്രിക്കുന്ന 1995-ലെ വഖഫ് നിയമം പരിഷ്കരിക്കാനാണ് പുതിയ ബിൽ ലക്ഷ്യമിടുന്നത്.

**വിശദാംശങ്ങളിലേയ്ക്ക്.....**

**(വോയിസ്)**

## JOINT PARLIAMENTARY COMMITTEE (VOICE)

സംയുക്ത പാർലമെന്ററി സമിതി ചെയർമാൻ ജഗദാംബിക പാലും അംഗം സഞ്ജയ് ജയ്സ്വാളും റിപ്പോർട്ടും, സമിതിക്കു

മുന്നിൽ എത്തിയ തെളിവുകളുടെ രേഖയും മേശപ്പുറത്തു വയ്ക്കും. JPC റിപ്പോർട്ട് ജനുവരി 30-ന് ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് മുന്നിൽ സമർപ്പിച്ചിരുന്നു. വഖഫ് (ഭേദഗതി) ബില്ലിലെ കരട് റിപ്പോർട്ടും ഭേദഗതി വരുത്തിയ പുതുക്കിയ ബില്ലും JPC ബുധനാഴ്ച അംഗീകരിച്ചിരുന്നു. എന്നാൽ പ്രതിപക്ഷ നേതാക്കൾ റിപ്പോർട്ടിന്മേലുള്ള വിയോജനക്കുറിപ്പ് അറിയിച്ചു. 25 ഭേദഗതികളോടെ 1995 ലെ വഖഫ് ബില്ലിന് ജെപിസി നേരത്തെ അനുമതി നൽകിയിരുന്നു. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പു നിയന്ത്രിക്കുന്ന 1995-ലെ വഖഫ് നിയമം പരിഷ്കരിക്കാനാണ് ബിൽ ലക്ഷ്യമിടുന്നത്.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

**&&&&&&&&&&&&&&&&**

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. ബി.ജെ.പി, ആം ആദ്മി, കോൺഗ്രസ് തുടങ്ങി പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ ഉൾപ്പെടെ പ്രചാരണരംഗത്ത് സജീവമാണ്. മുതിർന്ന ബി.ജെ.പി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്നലെ ആർ.കെ പുരത്ത് പൊതുയോഗത്തെ അഭിസംബോധന ചെയ്തു. കോൺഗ്രസ് നേതാക്കളായ രാഹുൽൻഗാന്ധിയും പ്രിയങ്ക ഗാന്ധിയും വിവിധ മണ്ഡലങ്ങളിൽ റാലികളിൽ പങ്കെടുത്തു. അതേസമയം, എഎപി പ്രവർത്തകരെ ബിജെപി പ്രവർത്തകർ ഭീഷണിപ്പെടുത്തുന്നതായി കാണിച്ച് ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്രിവാൾ, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് പരാതി നൽകി. 70 അംഗ നിയമസഭയിലേയ്ക്ക്

മറ്റെന്നാളാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ഈമാസം എട്ടിന് നടക്കും.

**&&&&&&&&&&&&&&**

## VICE PRESIDENT-ILLEGAL MIGRANTS

ദശലക്ഷക്കണക്കിന് അനധികൃത കുടിയേറ്റക്കാരെ രാജ്യത്ത് ഉൾക്കൊള്ളാൻ കഴിയില്ലെന്നും ജനസംഖ്യാപരമായ വ്യതിയാനങ്ങൾ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പ്രശ്നമാകാൻ അനുവദിക്കരുതെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു. പാർലമെന്റ് സമ്മേളനം തുടർച്ചയായി തടസ്സപ്പെടുന്നതിൽ രാജ്യസഭാ ചെയർമാൻ കൂടിയായ ജഗ്ദീപ് ധൻകർ ആശങ്ക പ്രകടിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻറസ് ഓഫ് ഇന്ത്യ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച വേൾഡ് ഫോറം ഓഫ് അക്കൗണ്ടന്റ്സ് സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി.

**&&&&&&&&&&&&&&**

## SC-MAHA KUMBH

മഹാകുംഭമേളയിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപ്പര്യ ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും. കഴിഞ്ഞ ബുധനാഴ്ച, തിക്കിലും തിരക്കിലും 30 ഓളം പേർ മരിക്കുകയും അറുപതിലേറെ പേർക്ക് പരിക്കേൽക്കും ചെയ്തിരുന്നു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടങ്ങിയ ബെഞ്ചാണ് വാദം കേൾക്കുക.

**&&&&&&&&&&&&&&**

## MAHAKUMBH - AMRIT SNAN

പ്രയാഗ്‌രാജിൽ മഹാകുംഭമേളയോട് അനുബന്ധിച്ചുള്ള മൂന്നാമത്തെ അമൃത് സ്നാനം പുരോഗമിക്കുന്നു. ബസന്ത്

പഞ്ചമി ദിനത്തോട അനുബന്ധിച്ചാണ് മൂന്നാം അമൃത് സ്നാനം. മഹാ കുംഭമേളയിലെ ഏറ്റവും സവിശേഷമായ ചടങ്ങാണിത്. ആദ്യത്തെ രണ്ട് അമൃത് സ്നാൻ ജനുവരി 14 ന് മകരസംക്രാന്തി ദിനത്തിലും, ജനുവരി 29 ന് മൗനി അമാവാസി ദിനത്തിലും നടന്നിരുന്നു. അർദ്ധസൈനിക വിഭാഗങ്ങൾ ഉൾപ്പെടെ 50,000 പോലീസുകാരെയാണ് മേളയുടെ സുരക്ഷയ്ക്കായി വിന്യസിച്ചിരിക്കുന്നത്.

&&&&&&&&&&&&&&

## ISRO-NVS-02 SATELLITE

NVS-02 ഉപഗ്രഹത്തെ നിർദിഷ്ട ഭ്രമണപഥത്തിൽ എത്തിക്കാനുള്ള ശ്രമങ്ങൾ പൂർണ വിജയമായില്ലെന്ന് ഐ.എസ്ആർ.ഒ. ഉപഗ്രഹത്തിലെ ത്രസ്റ്ററുകൾ പ്രവർത്തിക്കാത്തതിനെ തുടർന്നാണിത്. ജനുവരി 29 ന് വിക്ഷേപിച്ച NVS-02 ഉപഗ്രഹം ഇന്ത്യയുടെ ബഹിരാകാശ അധിഷ്ഠിത ഗതിനിർണയ സംവിധാനത്തിന് നിർണായകമാണ്. നിലവിൽ ഉപഗ്രഹം ഭൂമിയെ ചുറ്റുന്നത് ഗതിനിർണയ സംവിധാനത്തിന് അനുയോജ്യമല്ലാത്ത ഓർബിറ്റിലാണ്. എന്നാൽ നിലവിലുള്ള ഭ്രമണപഥത്തിൽ തന്നെ ഗതിനിർണയത്തിനായി ഉപഗ്രഹം ഉപയോഗിക്കുന്നതിനുള്ള മറ്റ് സാധ്യതകൾ രൂപപ്പെടുത്തി വരികയാണെന്ന് ഐ എസ് ആർ ഓ അറിയിച്ചു.

&&&&&&&&&&&&&&

## KERALA CM- TVPM

പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു നിർവഹിക്കും.

ഇതോടെ 117 സ്മാർട്ട് അങ്കണവാടികൾ സംസ്ഥാനത്ത് യാഥാർത്ഥ്യമാകും.

**&&&&&&&&&&&&&&**

## P RAJIV (INTRO)

മുനമ്പത്ത് താമസിക്കുന്ന ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സാധ്യതകൾ പരിശോധിക്കാനാണ് മുനമ്പം കമ്മീഷൻ പ്രവർത്തിക്കുന്നതെന്ന് മന്ത്രി പി.രാജീവ്. ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ നിലനിൽക്കുന്ന ഹർജിയിൽ എത്രയും വേഗം തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് - വോയിസ്)

**&&&&&&&&&&&&&&**

## CONGO EMBASSY OF INDIA

കോംഗോയിലെ ബുക്കാവുവിൽ താമസിക്കുന്ന എല്ലാ ഇന്ത്യൻ പൗരന്മാരും എത്രയും വേഗം സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറണമെന്ന് കിൻഷാസയിലെ ഇന്ത്യൻ എംബസി നിർദ്ദേശിച്ചു. ബുക്കാവുവിലേക്കുള്ള യാത്ര ഒഴിവാക്കണമെന്നും നിർദേശമുണ്ട്. ഇന്ത്യൻ എംബസി കിഴക്കൻ കോംഗോയിലെ സുരക്ഷാ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. M 23 വിമതർ ബുക്കാവുവിൽ നിന്ന് അധികം അകലെയല്ലെന്നാണ് റിപ്പോർട്ടുകൾ. എല്ലാ ഇന്ത്യൻ പൗരന്മാരും തിരിച്ചറിയൽ രേഖകളും യാത്രാ രേഖകളും എപ്പോഴും കൈവശം വയ്ക്കണമെന്ന് എംബസി അഭ്യർത്ഥിച്ചു.

**&&&&&&&&&&&&&&**

## CHESS- TATA STEEL

ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ പ്രഗ്നാനന്ദ ടാറ്റ സ്റ്റീൽ മാസ്റ്റേഴ്സ് ചെസ് കിരീടം സ്വന്തമാക്കി. നെതർലാൻഡ്സിൽ ഇന്നലെ രാത്രി നടന്ന ആവേശകരമായ ടൈബ്രേക്കർ പോരാട്ടത്തിൽ നിലവിലെ ലോക ചാമ്പ്യൻ ഡി ഗുകേഷിനെയാണ് പരാജയപ്പെടുത്തിയത്. 2006 ൽ വിശ്വനാഥൻ ആനന്ദിന് ശേഷം ഈ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് പ്രഗ്നാനന്ദ.

&&&&&&&&&&&&&&&

## MENS T-20 CRICKET

ഇംഗ്ലണ്ടിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് 150 റൺസിന്റെ വമ്പൻ വിജയം. മുംബൈയിലെ വാംഖഡെ സ്റ്റേഡിയത്തിൽ ഇന്നലെ രാത്രി നടന്ന കളിയിൽ ഇന്ത്യ ഉയർത്തിയ 248 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലീഷ് ടീം 10.3 ഓവറിൽ 97 റൺസിന് ഓൾ ഔട്ടായി. ഇതോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പര 4-1 ന് ഇന്ത്യ സ്വന്തമാക്കി. മുഹമ്മദ് ഷമി മൂന്ന് വിക്കറ്റ് വീഴ്ത്തി. വരുൺ ചക്രവർത്തി, ശിവം ദുബെ, അഭിഷേക് ശർമ്മ എന്നിവർ രണ്ട് വിക്കറ്റുകൾ വീതവും രവി ബിഷ്ണോയ് ഒരു വിക്കറ്റും സ്വന്തമാക്കി.

&&&&&&&&&&&&&&&

## INDIA WIN ICC U-19 WC

ഐസിസി അണ്ടർ-19 വനിതാ ട്വൻറി-20 ലോകകപ്പ് കിരീടം നിലനിർത്തി ഇന്ത്യ. ക്വാലലംപൂരിൽ നടന്ന കലാശപ്പോരാട്ടത്തിൽ ദക്ഷിണാഫ്രിക്ക ഉയർത്തിയ 83 റൺസ് വിജയലക്ഷ്യം ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. ടോസ് നേടി ആദ്യം ബാറ്റുചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത 20 ഓവറിൽ 82 റൺസിന് എല്ലാവരും പുറത്തായി. മലയാളി താരവും പേസ് ബൗളറുമായ വി.ജെ.ജോഷിത ടൂർണമെന്റിലുടനീളം മികച്ച പ്രകടനം കാഴ്ചവച്ചു. വിജയത്തിൽ സന്തോഷമുണ്ടെന്നും

ടീമംഗങ്ങളോട് നന്ദി പറയുന്നതായും ഫൈനലിലെയും ടൂർണമെന്റിലെയും താരമായ ഗോങ്കാഡി തൃഷ പറഞ്ഞു.

&&&&&&&&&&&&&&

## NATIONAL GAMES-KERALA MEDAL

38-ാമത് ദേശീയ ഗെയിംസിൽ 17 സ്വർണവുമായി സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. 15 സ്വർണവുമായി കർണാടക രണ്ടാം സ്ഥാനത്തും 13 സ്വർണവുമായി മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. 6 സ്വർണവും മൂന്ന് വെള്ളിയും നാലു വെങ്കലവും നേടി കേരളം പത്താമതാണ്.

&&&&&&&&&&&&&&

## FOOTBALL-INDIAN SUPER LEAGUE

ഐഎസ്എൽ ഫുട്ബോളിൽ, ജംഷഡ്പൂർ ഫുട്ബോൾ ക്ലബ് ഗോവയെ 3-1 ന് പരാജയപ്പെടുത്തി. ഈ വിജയത്തോടെ പോയിന്റ് പട്ടികയിൽ ഗോവയെ പിന്തള്ളി ജംഷഡ്പൂർ എഫ്സി രണ്ടാംസ്ഥാനത്തേക്ക് എത്തി. ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഒഡിഷയെ നേരിടും.

&&&&&&&&&&&&&&

## SAMUDRAYAAN MISSION

ആഴക്കടൽ സമുദ്ര ഗവേഷണ പദ്ധതിക്കായി ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ നീക്കിവച്ചിരിക്കുന്നത് 600 കോടി രൂപ. ആഴക്കടൽ ഗവേഷണയാനമായ സമുദ്രയാൻ ഉപയോഗിച്ച് സമുദ്രത്തിന്റെ അടിത്തട്ടുകൾ രേഖപ്പെടുത്തൽ, ആഴക്കടൽ ഖനനവും പര്യവേഷണവും, ആഴക്കടലിലെ ജൈവവിഭവങ്ങളുടെ കണ്ടെത്തൽ തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ദേശീയ സമുദ്ര സാങ്കേതികവിദ്യാ

സ്ഥാപനം വികസിപ്പിച്ചെടുത്ത ആഴക്കടൽ സമുദ്രയാനത്തിലൂടെ ഈ വർഷം 500 മീറ്റർ ആഴത്തിൽ മനുഷ്യനെ അയക്കാനും അടുത്തവർഷം 6000 മീറ്റർ ആഴത്തിൽ പര്യവേക്ഷണം നടത്താനും ഇന്ത്യ പദ്ധതിയിടുന്നു.

**&&&&&&&&&&&&&&**

## UNGA PRESIDENT–INDIA VISIT

ഐക്യരാഷ്ട്ര പൊതു സഭയുടെ പ്രസിഡന്റ് ഫിലേമോൺ യാങ്ങിന്റെ ഇന്ത്യ സന്ദർശനം നാളെ ആരംഭിക്കും. കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വന്നെന്നു പറഞ്ഞ അദ്ദേഹം, ഡിജിറ്റൽ-സാങ്കേതികവിദ്യ മേഖലകൾ എങ്ങനെയാണ് മാറ്റത്തിന് ഊർജം നൽകിയതെന്ന് നേരിട്ടു കാണാൻ അവസരം ലഭിക്കുമെന്നും പറഞ്ഞു.

**&&&&&&&&&&&&&&&&&&&&&&&&&&&&**

**&&&&&&&&**

**&&&&**